**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4604** **13-03-2023 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണത്തിന് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഭവന രഹിതർക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വകുപ്പ് മുഖേനയുള്ള ഭവന നിർമ്മാണത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്ര ഭവനങ്ങൾ നിർമ്മിച്ചുവെന്നുമുള്ള വിവരം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ ഭവനരഹിതർക്കായി ലൈഫ് മിഷൻ മുഖേയാണ് ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നത്.<br><br>പട്ടികജാതി വികസന വകുപ്പിൽ 2225-01-283-89 (പി) എന്ന ശീർഷകത്തിൽ ഭവന നിർമ്മാണം (സ്പിൽ ഓവർ), ഭവന പൂർത്തീകരണം / പുനരുദ്ധാരണം (സ്പിൽ ഓവർ), സേഫ് എന്നീ പദ്ധതികൾക്കും, പഠനമുറി നിർമ്മാണത്തിനുമായി ബഡ്ജറ്റിൽ 205കോടി രൂപ വകയിരുത്തിയിരുന്നു. മേൽ പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷം ഇതുവരെ 1,27,01,69,962/- രൂപ ചെലവഴിച്ചിട്ടുണ്ട്. 155 സ്പിൽ ഓവർ വീടുകൾ ടി സാമ്പത്തിക വർഷം നിർമ്മാണം പൂർത്തീകരിക്കുകയും 2,49,09,200/- രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഭവന നിർമ്മാണം (സ്പിൽ ഓവർ), ഭവന പൂർത്തീകരണം / പുനരുദ്ധാരണം (സ്പിൽ ഓവർ), സേഫ് എന്നീ പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 5720 ലക്ഷം രൂപ വകയിരുത്തിയതിൽ 22.02.2023 വരെ 3764.33 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ വകുപ്പ് മുഖേന നിർമ്മാണത്തിനായി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന വീടുകളിൽ നടപ്പ് വർഷം നാളിതുവരെ 113വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഭവന പുനരുദ്ധാരണത്തിനായി 2021-22 വർഷം അനുവദിച്ച വീടുകളിൽ 543 വീടുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫണ്ടിൽ നിന്നും ലൈഫ് പദ്ധതിയിലേക്ക് തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ കൈമാറിയ തുക എത്രയാണ്; പ്രസ്തുത പദ്ധതി പ്രകാരം ഈ നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ എത്ര പട്ടികജാതി | (ബി) | 2022-23 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് ലൈഫ് പദ്ധതിയിലേയ്ക്കായി ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വകുപ്പ് ലൈഫ് |

| | | | |
|---|---|---|---|
| | പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിച്ച നൽകി; ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ? | | മിഷന് 300 കോടി രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് പദ്ധതിയിലേയ്ക്കായി ബഡ്ജറ്റിൽ 140 കോടിരൂപ വകയിരുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷന് 140 കോടി രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ